**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കണ്ണൂർ നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- പി.എ.ടു.സെക്രട്ടറി ശ്രീ.കെ.പ്രവീൺകുമാർ - അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1899/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 11.07.2018

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.07.2012 തീയതിയിലെ ഇ 16(എസ്.സി 7/12/KNR) 15209/12 നം. കത്ത്

2.സർക്കാരിന്റെ 08.01.2014 തീയതിയിലെ 59093/ഇയു2/13/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 04.05.2018 തീയതിയിലെ വി2-1936/2014 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ നഗരസഭയിൽ വിജിലൻസ് ആന്റ് അന്റി കറപ്ഷൻ ബ്യൂറോ 27.02.2012 ൽ നടത്തിയ മിന്നൽ പരിശോധനയിൽ ടി നഗരസഭയിലെ ജനനമരണ രജിസ്റ്ററുകളും അപേക്ഷകളും ശരിയായ വിധം സൂക്ഷിക്കുന്നില്ലായെന്നും ഡി& ഒ ലൈസൻസ് രജിസ്റ്ററുകൾ ശരിയായി കൈകാര്യം ചെയ്യുന്നില്ലായെന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ലായെന്നും കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ 11 ഉദ്യോഗസ്ഥർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. കുറ്റാരോപണ മെമ്മോക്ക് ടി നഗരസഭയിലെ പി എ ടു സെക്രട്ടറിയായിരുന്ന ശ്രീ. പ്രവീൺകുമാർ കെ, സമർപ്പിച്ച പ്രതിവാദ പത്രികയിൽ കണ്ണൂർ നഗരസഭാസെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. ഈ നഗരസഭയിലെ ജനനമരണ രജിസ്റ്ററുകളും അപേക്ഷകളും ശരിയായ വിധം സൂക്ഷിക്കുന്നില്ലായെന്നും ഡി & ഒ ലൈസൻസ് രജിസ്റ്ററുകൾ ശരിയായി കൈകാര്യം ചെയ്യുന്നില്ലായെന്നും ലൈസൻസ് ഫീസ് ഈടാക്കിയിരുന്നില്ലായെന്നുമായിരുന്നു കണ്ണൂർ നഗരസഭയിലെ പി എ ടു സെക്രട്ടറി ശ്രീ. പ്രവീൺകുമാർ കെ എന്ന ജീവനക്കാരനെതിരായി ആരോപിച്ചിരുന്ന കുറ്റം . ശ്രീ. പ്രവീൺകുമാർ കെ സമർപ്പിച്ച പ്രതിവാദപത്രിക പ്രകാരം വിജിലൻസ് മിന്നൽ പരിശോധന നടത്തിയ സമയം താൻ സെക്രട്ടറിയുടെ പി എ തസ്തികയിൽ സേവനമനുഷ്ഠിക്കുകായിരുന്നുവെന്നും ടി കാലയളവിൽ തനിക്ക് ജനനമരണവിഭാഗത്തിന്റേയും ഡി& ഒ ലൈസൻസിന്റേയും ചുമതല ഉണ്ടായിരുന്നില്ലായെന്നും പ്രസ്തുത വിഷയം ഹെൽത്ത് വിഭാഗത്തിന്റെ

ചുമതലയിലായതിനാൽ തന്നെ ശിക്ഷാനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ. പ്രവീൺകുമാർ പ്രതിവാദപത്രികയിൽ ഉന്നയിച്ച വാദം തികച്ചും ശരിയാണെന്നും ഇക്കാര്യത്തിൽ ടിയാന്റെ ഭാഗത്ത് നിന്നും യാതൊരു കുറ്റവുമില്ലാത്തതാണെന്നും ആയതിനാൽ ടിയാനെ ശിക്ഷാനടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് ഹെൽത്ത് സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിക്കുന്നു. പ്രസ്തുത റിപ്പോർട്ടും അനുബന്ധമായ ഓഫീസ് രേഖകളും പരിശോധിച്ചതിൽ നിന്ന് ശ്രീ.പ്രവീൺകുമാറിന് ജനനമരണ വിഭാഗത്തിന്റേയും ഡി& ഒ ലൈസൻസിന്റേയും ചുമതല ഉണ്ടായിരുന്നില്ലായെന്നും കുറ്റാരോപണമെമ്മോയിൽ പ്രതിപാദിച്ച കുറ്റങ്ങളൊന്നും ടിയാന്റെ ഭാഗത്തില്ലാത്തതിനാൽ ശിക്ഷാനടപടികളിൽനിന്ന് ഒഴിവാക്കാവുന്നതാണെന്നും നിലവിൽ സർവ്വീസിൽനിന്ന് വിരമിച്ച ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ടിയാനെതിരേയുള്ള നടപടികൾ തീർപ്പാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ നഗരസഭയിലെ പി എ ടു സെക്രട്ടറി ശ്രീ. പ്രവീൺകുമാർ കെ എന്ന ജീവനക്കാരനെതിരായി ആരോപണം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പരിശോധിച്ചതിൽ വിജിലൻസ് മിന്നൽ പരിശോധന നടത്തിയ സമയം സെക്രട്ടറിയുടെ പി എ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പ്രവീൺകുമാർ എന്ന ജീവനക്കാരന് ജനനമരണവിഭാഗത്തിന്റേയും ഡി& ഒ ലൈസൻസിന്റേയും ചുമതല ഉണ്ടായിരുന്നില്ലായെന്ന വാദം അംഗീകരിക്കാവുന്നതാണ്. മേൽ സാഹചര്യത്തിൽ കുറ്റാരോപണ മെമ്മോയിൽ പ്രതിപാദിച്ച കുറ്റങ്ങളൊന്നും ടിയാന്റെ ഭാഗത്തില്ലാത്തതിനാൽ നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യും പ്രകാരം സർവ്വീസിൽനിന്ന് വിരമിച്ച കണ്ണൂർ നഗരസഭയിലെ പി എ ടു സെക്രട്ടറിയായിരുന്ന ശ്രീ. പ്രവീൺകുമാർ കെ എന്ന ജീവനക്കാരനെതിരായ അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ. പ്രവീൺകുമാർ കെ. പി എ ടു സെക്രട്ടറി(റിട്ട.), കണ്ണൂർ നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ